# പൂക്കുലയിൽ നിന്ന് ഒരു പുഷ്പം
## Loolu Elamatha

**ഡോ.** ടി. വി. ജോസ്, ചങ്ങനാശ്ശേരി (അൽഫോൺസാ ഹോസ്പിറ്റൽ) എഴുതിയ 'സ്പതമി' എന്ന ഒരു പുസ്തകം അനുഭവകഥകളാണ്. കലയിലും, സാഹിത്യത്തിലും, കായികരംഗത്തും, തല പൊക്കമുള്ള ആളുകളുടെ (തോളുരുമ്മി ജീവിച്ചിരുന്ന ഒരു വ്യക്തി ആയിരുന്നു ഡോ. ജോസ്. ധാരാളം അനുഭവങ്ങൾ ആ വഴി മുതൽ കൂട്ടി. ആ പൂക്കുലയിലെ ചെറിയ ഒരു പുഷ്പം അദ്ദേഹത്തിന്റെ മകളായ ഞാൻ നിങ്ങൾക്കായ് കാഴ്ച വയ്ക്കുന്നു.

തൊട്ടാവാടി എന്ന സിനിമ നിർമ്മിക്കുവാനുള്ള ഒരുക്കങ്ങളെല്ലാം പൂർത്തി ആയി. ഗാനങ്ങൾ എഴുതുന്നതു വയലാർ. സംഗീത സംവിധാനം എൻ.പി.ആർ. വർമ്മ. സിനിമാസംവിധാനം എ. കൃഷ്ണൻ നായർ. നിർമ്മാതാവ് ഞാനും. ആദ്യത്തെ കാൽവയ്പ്പാണ്. പുതുമുഖ നിർമ്മാതാവ്. പടം നിർമ്മിക്കുന്നതിന്റെ ആദ്യപടി ഗാനങ്ങൾ റെക്കാഡു ചെയ്യുക എന്നതാണ്. പാട്ട് എഴുതിക്കിട്ടിയില്ല. പല തവണ കണ്ടുമുട്ടിയിട്ടും ഒരു ഗാനം പോലും വയലാറിൽ നിന്നും എഴുതിവാങ്ങാൻ സാധിക്കാതെ പോയി. ചിത്ര നിർമ്മാണത്തിന് ആവശ്യമായ ചില്ലറ പ്രാഥമിക പാഠങ്ങൾ മനസ്സിലാക്കാനായിരിക്കും.

"സ്പ്നങ്ങൾ, സ്വപ്നങ്ങളെ നിങ്ങൾ
സ്വർഗ്ഗ കുമാരികളല്ലോ"

എന്ന ഗാനം ചിത്രീകരിക്കുന്നതു കാണാൻ വയലാർ എന്നെ മദ്രാസിലേക്കു കൂട്ടിക്കൊണ്ടു പോയി. എന്റെ ചിത്രത്തിന്റെ സംവിധായകൻ എം. കൃഷ്ണൻ നായർ മെഗാഫോൺ കൈയ്യിലെടുത്ത കാവ്യമേള എന്ന പടത്തിലേതാണ് പാട്ട്. പ്രേംനസീർ അന്ധഗായകനായി അഭിനയിക്കുന്നു. റെക്കാർഡിംഗ് കഴിഞ്ഞു വയലാർ ചോദിച്ചു.

"എങ്ങനെയുണ്ട്?"

"കൊള്ളാം നന്നായിരിക്കുന്നു. അപ്പോൾ എന്റെ പാട്ടുകളോ?"

ഞാൻ തിരക്കി.

ഒടുവിൽ തിരുമേനി പറഞ്ഞു ഒരു ശാലീന സുഭഗമായ ചുറ്റുപാട് വേണം. കിളികൾ ചിലയ്ക്കുന്ന ഗ്രാമാന്തരീക്ഷം. ഏകാന്ത നിശബ്ദതയിൽ പ്രകൃതി ഒരുക്കുന്ന സ്വതസിദ്ധ സൗകര്യം വേണം എഴുതാൻ. നിരവധി തവണ തോറ്റു കഴിഞ്ഞതുകൊണ്ട് എത്ര വില കൊടുത്തും പാട്ടെഴുതി വാങ്ങാൻ നിശ്ചയിച്ചിരുന്നു. എന്റെ സ്നേഹിതന്റെ കുടുംബത്തെ കുടിയൊഴിപ്പിച്ച് അദ്ദേഹത്തിന്റെ വീട് വാടകയില്ലാതെ കൈവശപ്പെടുത്തി വയലാറിനു സങ്കേതം ഒരുക്കി. കവിയുടെ നിബന്ധനകൾക്ക് ചേരുന്ന പരിസരം അങ്ങനെ ആണ് ഒപ്പിച്ചെടുക്കാൻ കഴിഞ്ഞത്. തിരക്കഥാകൃത്ത് പാറപ്പുറം, എൽ.പി.ആർ. വർമ്മ എന്നിവരും കുറേ ആശ്രിതരും ഇടയ്ക്കിടെ കൂടെ പാർക്കാൻ എത്തും.

തലയിൽ തട്ടമിട്ട ഒരു മുസ്ലീം പെൺകുട്ടി കുട്ടയിൽ കുറേ കടലാസു പൂക്കളുമായി എത്തി. നല്ല ഓമനത്തമുള്ള കുട്ടി. ദാരിദ്ര്യം വിളിച്ചോതി സഹതാപം സ്വന്തമാക്കാൻ പോന്ന വേഷമാണ്; ദൈന്യത മുറ്റിയ ആ നീലക്കണ്ണുകളിൽ ഏതോ അപൂർവ്വ ചൈതന്യത്തിന്റെ നിഴലാട്ടം. പൂക്കുട്ട താഴെ വച്ച് ദുഃഖാർദ്രമായ സ്വരത്തിൽ അവൾ യാചിച്ചു.

"സാറേ, ഒരു പൂ മേടിക്കണേ... ബാപ്പ കിടപ്പിലാണ്, ഇന്ന് ഒന്നും വിറ്റില്ല സാറേ!"

മാനസികാവസ്ഥയുടെ പ്രത്യേകത കൊണ്ടാവും കാലുമടക്കി അടിച്ച് കുട്ട തെറിപ്പിക്കുകയാണ് വയലാർ ചെയ്തത്. പൂക്കൾ ചിതറി നാനാവഴിക്കായി. കുട്ട ദൂരെ പറന്നുവീണു. പേടിച്ചരണ്ട് വാവിട്ട് നിലവിളിച്ചുകൊണ്ട് ആ കുട്ടി പൂക്കളത്രയും പെറുക്കി കുട്ടയിലാക്കി. അനന്തതയിലേക്കു കണ്ണു നട്ടു പരിസരം മറന്നു ചിന്തയിലാണ്ടു നിന്നുപോയി കവി. മനുഷ്യചേതനയ്ക്കപ്പുറം ഏതോ ലോകത്ത് വേദനകളിറക്കി വച്ച് ആശ്വസിച്ചതാവും. ആ കുട്ടിയെ വിളിച്ച് അടുത്തു നിർത്തി കുറ്റബോധം കിനിയുന്ന വാത്സല്യത്തോടെ ചോദിച്ചു:

"മൊത്തം എത്ര രൂപാ വേണം മോൾക്ക്?"

പ്രതീക്ഷിക്കാത്ത സ്നേഹവും കാരുണ്യവും ആ കുട്ടിയുടെ മുഖത്ത് പുത്തൻ ഉണർവേകി. മൃദു സ്മേരത്തിന് നുണക്കുഴികൾ ഒപ്പം നിൽക്കുന്നത് അതീവ സുന്ദരമായിരുന്നു. ആ മുഖത്തു

നിന്നും കണ്ണെടുക്കാതെ വയലാർ എന്നോടായി പറഞ്ഞു.

"പത്ത് രൂപ കൊടുക്കൂ"

രൂപ വാങ്ങി കുട്ടയുമെടുത്ത് തുള്ളിച്ചാടിപ്പോകുന്ന പെൺകുട്ടിയെ നോക്കി കണ്ണിമയ്ക്കാതെ അദ്ദേഹം നിന്നു. കണ്ണിൽ നിന്ന് മറഞ്ഞശേഷവും ചിന്തകളിൽ സ്വയം നഷ്ടപ്പെട്ട് നിന്നുപോയി. മുറിയ്ക്കുള്ളിൽ കയറി അടച്ചിരുന്നു, തപസിരിക്കും പോലെ. മണിക്കൂറുകൾക്ക് ശേഷം ഇറങ്ങി വരുമ്പോൾ എന്തോ വലിയ ഭാരം ഇറക്കി വച്ച ആശ്വാസം ആ മുഖത്തു പ്രകടമായിരുന്നു.

സംഗീത പകരാൻ എൽ. പി. ആറിനെ ചുമതലപ്പെടുത്തി. എല്ലാവരും ഉറങ്ങാനായി, അവര വരുടെ മുറികളിലേക്ക് മടങ്ങി.

എന്റെ കഥ, എന്റെ സിനിമ, വെറുതെ അനിശ്ചിതത്വത്തിൽ തുടരുകയാണ്. ഒരു തീരുമാ നവും ആകുന്നില്ല, സങ്കല്പങ്ങളിലും മോഹങ്ങളിലുമായി ഉറയ്ക്കാതെ കിടക്കുന്നു. ക്ഷമ കെട്ടു, അറത്തു മുറിച്ചു ഞാൻ പറഞ്ഞു.

"മൂന്നു മാസമായി പുറകെ നടക്കുന്നു. ആയിരക്കണക്കിനു രൂപയും തുലച്ചു. ഒരു പാട്ടു പോലും എഴുതിത്തന്നിട്ടുമില്ല."

അല്പം നീരസത്തിലും തെല്ലു ധാർഷ്ട്യത്തോടും കൂടിയാണ് ഉത്തരം ലഭിച്ചത്.

"സൗകര്യമില്ല താൻ പറയുമ്പോൾ പാട്ടെഴുതാൻ. ഞാനെന്താ മുട്ടയിടുന്ന കോഴിയാണോ? പാട്ടെഴുതാൻ തോന്നും, അപ്പോൾ എഴുതും."

പ്രതിഷേധിച്ചെന്നോണം വയലാർ മുറിയിൽ കയറി; തപസ്യ ആയിരിക്കണം. ഊണും ഉറ ക്കവും ഉപേക്ഷിച്ചിരുന്ന് എഴുതി. അഞ്ച് പാട്ടും പൂർണ്ണരൂപത്തിൽ പിറ്റേന്ന് കതക് തുറന്നിറങ്ങി എന്റെ കൈയ്യിലേൽപ്പിച്ചു പറഞ്ഞു.

"എന്റെ 'ഉപാസന' യുണ്ട്. ഇവൻ സൂപ്പർഹിറ്റായിരിക്കും."

സർഗ്ഗ ചേതന ഊതിത്തെളിച്ച് സഹൃദയ ഹൃദയങ്ങളിലേക്ക് തേൻമഴയായി ചൊരിഞ്ഞ ആ ഗന്ധർവ്വ ഗാനം ഇന്നും പുതുമ തോരാതെ നിൽക്കുന്നു, അനശ്വരമായി.

മലയാളത്തിന്റെ മഹാപ്രഭോ നമോവാകം.